കോഴിക്കോട്	-	25
വയനാട്	-	4
കണ്ണൂർ	-	00
കാസർഗോഡ്	-	13
		721

(ഡി) കോഴ്സ് ഫീസ്, യാത്രപ്പടി, ദിനബത്ത എന്നിവയാണ് സംഘം വഹിക്കേണ്ട ചെലവുകൾ. ആകെ ചെലവായ തുക ശേഖരിച്ചുവരുന്നു.

(ഇ) ജീവനക്കാരുടെ പരിശീലനത്തിനു ചെലവാക്കുന്ന തുകകൾക്ക് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക അനുമതി ആയതുമില്ല.

സഹകരണസംഘം ഇലക്ഷനുകളുടെ നടത്തിപ്പ്

165 (949)ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലേക്കുള്ള ഇലക്ഷൻ ഒരു വിഭാഗം ബഹിഷ്കരിക്കുന്ന രീതി ഈ സർക്കാർ നിലവിൽ വന്നശേഷം തുടരെത്തുടരെ ഉണ്ടാകുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സഹകരണസംഘം ഇലക്ഷനുകളിൽ അക്രമവും കള്ളവോട്ടും നടക്കുന്നുവെന്ന് ആരോപിച്ച് കോടതിയെ സമീപിക്കേണ്ടിവരുന്ന സാഹചര്യം അടിക്കടി ഉണ്ടാകുന്നതായി ഗവൺമെന്റിന് അറിവുണ്ടോ; എങ്കിൽ അത് ജനാധിപത്യ പ്രക്രിയയുടെ പരാജയം മൂലമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സഹകരണസംഘം ഇലക്ഷനുകളിൽ അക്രമം ഇല്ലാതാക്കുന്നതിനും, നീതിപൂർവം തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

ഉത്തരം

(എ)&(ബി) സഹകരണസംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പുകൾ കക്ഷിരാഷ്ട്രീയത്തിനും വിഭാഗീയതയ്ക്കും അതീതമായാണ് നടത്തിവരുന്നത്. ടി തെരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുന്ന രീതി തുടരെത്തുടരെ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇലക്ഷനുമായി ബന്ധപ്പെട്ട് ചിലർ കോടതിയെ സമീപിക്കാറുണ്ട്. കോടതിയിൽ കേസ്സ് കൊടുക്കുന്നത് ജനാധിപത്യപ്രക്രിയയുടെ പരാജയമായി കാണാനാവില്ല.

(ഡി) തെരഞ്ഞെടുപ്പ് നീതിപൂർവം നടത്തണമെന്നാണ് സർക്കാർ നയം. സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുവാൻ 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഹകാരികൾക്ക് സഹകരണ സംഘങ്ങൾ നൽകുന്ന വായ്പാ സഹായം

166 (950)ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള സഹകാരികൾക്ക് ഉപജീവനത്തിനുള്ള തൊഴിൽ ചെയ്യുന്നതിന് സഹകരണ സംഘങ്ങൾ നൽകുന്ന സഹായങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) കൃഷി, ചെറുകിടകച്ചവടം, കൈത്തൊഴിൽ എന്നിവയിൽ ഏർപ്പെടുന്ന സഹകാരികൾക്ക് നൽകുന്ന വായ്പാ സഹായം സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഇത്തരം വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൃഷി, കൈത്തൊഴിലുകൾ എന്നിവയ്ക്ക് സഹകരണസംഘങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് അതിൽ നിന്നുള്ള ആദായംകൊണ്ട് പലിശപോലും അടയ്ക്കാനാവാത്ത സ്ഥിതിവിശേഷം നലനിൽക്കുന്നകാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) സഹകാരികൾക്ക് സഹായമായി ലഭ്യമാക്കേണ്ട ലക്ഷക്കണക്കിന് രൂപ സംഘത്തിന് കെട്ടിടം കെട്ടാനും സ്ഥലം വാങ്ങാനും ആർഭാടങ്ങൾക്കുമായി വിനിയോഗിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)സംഘത്തിന്റെ പണം സർക്കാരാവശ്യങ്ങൾക്കായി നിക്ഷേപിക്കുന്നതും മറ്റു സംരംഭങ്ങൾക്ക് സംഭാവനയായി നൽകുന്നതും സഹകാരികളുടെ താൽപ്പര്യത്തിനു വിരുദ്ധമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സഹകരണസംഘങ്ങളിൽനിന്നും ഉപജീവനത്തൊഴിലിന് വായ്പ എടുത്ത് കടക്കെണിയിലായി സർവവും നഷ്ടപ്പെട്ട സഹകാരി കുടുംബങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(എച്ച്) ഇത്തരക്കാരെ കടക്കെണിയിൽനിന്ന് രക്ഷിക്കാനും സഹകരണ മേഖലയെ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി മാത്രം പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ;

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക് എന്നിവവഴി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കാർഷികാവശ്യങ്ങൾക്കുള്ള വായ്പകളും, നെയ്ത്തുകാർ, ഗ്രാമശില്പികൾ, കരകൗശലത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്ക് അതാതു തൊഴിൽ നടത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly